**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1928** **11-10-2021 - ൽ മറുപടിയ്ക്ക്**

**തീരമേഖല പരിപാലന പദ്ധതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. അബ്ദുൽ ഹമീദ് പി | | Shri. Pinarayi Vijayan<br>(മുഖ്യമന്ത്രി) | |
| (എ) | പുതിയ സി.ആർ.ഇസഡ്. വിജ്ഞാപനമനുസരിച്ചുള്ള തീരമേഖല പരിപാലന പദ്ധതി അന്തിമ രൂപം നൽകുന്നതിനു കാലതാമസം വരുന്നതിന്റെ കാരണങ്ങൾ വ്യക്തമാക്കാമോ; | (എ) | 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളു. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ദ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ദ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, ശ്രീ.പി.ബി.സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം. 2. 2019 - ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം. 3. ഇതു സംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ. 4. |

ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക. 5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെ പറയുന്ന മാറ്റങ്ങൾ നിർദ്ദേശിക്കുകയും ചെയ്തു. 1.കേരളത്തിലെ ധാരാളം ഗ്രാമ പഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസെസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമ പഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമ പഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽ നിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്. 2.പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്ക പ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്. 3.സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കുകയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനു ശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ / നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് ചെന്നൈയിലുള്ള ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും, 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി വരുത്തുകയും ചെയ്യും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ്

| | | | |
|---|---|---|---|
| | | | തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (ബി) | പദ്ധതി നടപ്പാക്കുന്നതിനുള്ള പൊതു അദാലത്ത് നടത്തുന്നതിലെ കാലതാമസം ഒഴിവാക്കി അടിയന്തരമായി തീരമേഖല പരിപാലന പദ്ധതി നടപ്പിലാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിക്കുമോ എന്ന് അറിയിക്കുമോ; | (ബി) | 2011-ലെ തീരദേശ പരിപാലന നിയമത്തിൽ ഭേദഗതി വരുത്തി കേന്ദ്ര സർക്കാർ 18.01.2019-ൽ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ഒരു തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കി, അത് കേന്ദ്ര പരിസ്ഥിതി-വനം-കാലാവസ്ഥാവ്യതിയാന മന്ത്രാലയം അംഗീകരിക്കുന്ന മുറയ്ക്ക് മാത്രമെ വിജ്ഞാപനത്തിലെ ഇളവുകൾ സംസ്ഥാനത്ത് ബാധകമാവുകയുള്ളൂ. തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കുന്നതിന് 20.08.2019 ലെ ഉത്തരവ് പ്രകാരം തിരുവനന്തപുരത്തെ കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്ലാനിന്റെ ആദ്യ കരട് തയ്യാറായിട്ടുണ്ട്. കരട് തീരദേശ പ്ലാൻ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിന് മൂന്നംഗ വിദഗ്ധ സമിതി രൂപീകരിച്ച് 01.07.2021-ൽ സംസ്ഥാന സർക്കാർ ഉത്തരവായിട്ടുണ്ട്. പരിസ്ഥിതി വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയും ഈ രംഗത്തെ വിദഗ്ധരായ ശ്രീ.പി.ഇസഡ്.തോമസ്, ശ്രീ.പി.ബി.സഹസ്രനാമൻ എന്നിവരുമാണ് സമിതി അംഗങ്ങൾ. താഴെപറയുന്ന കാര്യങ്ങൾ പരിശോധിച്ച് നിർദ്ദേശങ്ങൾ സമർപ്പിക്കുവാൻ സമിതിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. 1. കേന്ദ്ര ഭൗമശാസ്ത്ര പഠന കേന്ദ്രം (NCESS) തീരദേശ പരിപാലന അതോറിറ്റി മുമ്പാകെ സമർപ്പിച്ച പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിച്ച് അപാകതകൾ ഉണ്ടെങ്കിൽ പരിഹരിക്കുന്നതിനുള്ള നിർദ്ദേശം. 2. 2019 - ലെ തീരദേശ നിയന്ത്രണ മേഖലാ വിജ്ഞാപനം വഴി സംസ്ഥാനത്തിനുണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുന്നതിന് സ്വീകരിക്കാവുന്ന നടപടികൾ സംബന്ധിച്ച മാർഗ്ഗ നിർദ്ദേശം. 3. ഇതു സംബന്ധിച്ച മുൻപത്തെ എല്ലാ കമ്മിറ്റികളുടെയും കണ്ടെത്തലുകളും ശിപാർശകളും പരിഗണിച്ചുള്ള നിർദ്ദേശങ്ങൾ. 4. ജുഡീഷ്യൽ പ്രഖ്യാപനങ്ങൾ വിവിധ Stakeholders പ്രാതിനിധ്യം ഇവ കൂടി പരിഗണിച്ച് ആവശ്യമെങ്കിൽ ഉചിതമായ ഭേദഗതി നിർദ്ദേശിക്കുക. 5. തീരദേശ പരിപാലന പ്ലാൻ പോരായ്മകളില്ലാതെ തയ്യാറാക്കുന്നതിനു വേണ്ടി സംസ്ഥാന സർക്കാരിന് പരിഗണിക്കാവുന്ന മറ്റ് ശിപാർശകൾ. ടി വിദഗ്ധ സമിതി പ്രീ-ഡ്രാഫ്റ്റ് തീരദേശ പരിപാലന പ്ലാൻ പരിശോധിക്കുകയും താഴെ പറയുന്ന മാറ്റങ്ങൾ |

| | | | |
|---|---|---|---|
| | | | നിർദ്ദേശിക്കുകയും ചെയ്തു. 1.കേരളത്തിലെ ധാരാളം ഗ്രാമ പഞ്ചായത്തുകൾ നാഗരിക സ്വഭാവമുള്ളവയും 2011 സെൻസെസ് പ്രകാരമുള്ള നഗരങ്ങളുടെ നിർവചനത്തിൽ ഉൾപ്പെടുന്നവയുമാണ്. സംസ്ഥാന സർക്കാർ ഇത്തരം ഗ്രാമ പഞ്ചായത്തുകളെ തരംതിരിച്ച് നഗര പ്രദേശങ്ങളായി പുനർനാമം ചെയ്യേണ്ടതാണ്. ടി ഗ്രാമ പഞ്ചായത്തുകളെ നഗരങ്ങളായി പ്രഖ്യാപിച്ച ശേഷം ഇവയെ CRZ III കാറ്റഗറിയിൽ നിന്നും CRZ II കാറ്റഗറിയിലേയ്ക്ക് മാറ്റേണ്ടതാണ്. 2.പൊക്കാളി പാടങ്ങളുടെ കേസിൽ വേലിയേറ്റ രേഖ ബണ്ടുകളിൽ നിജപ്പെടുത്തേണ്ടതും ബണ്ടുകൾക്ക പ്പുറത്തേയ്ക്ക് വേലിയേറ്റ രേഖ നീട്ടുകയും ചെയ്യരുത്. 3.സർക്കാർ ഭൂമിയിലെ 1000 ചതുരശ്ര മീറ്റർ മാത്രം വിസ്തീർണ്ണമുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമായി 50 മീറ്റർ ബഫർ ഏരിയ പരിമിതപ്പെടുത്തേണ്ടതും സ്വകാര്യ വ്യക്തികളുടെ ഉടമസ്ഥതയിലുള്ള കണ്ടൽക്കാടുകൾക്ക് ചുറ്റുമുള്ള ബഫർ ഏരിയ നീക്കം ചെയ്യേണ്ടതുമാണ്. ഇത് സംബന്ധിച്ച അടിയന്തിര നടപടികൾ സ്വീകരിച്ചുവരുന്നു. മുകളിൽ സൂചിപ്പിച്ച നിർദ്ദേശങ്ങൾ കേരള കോസ്റ്റൽ സോൺ മാനേജ്മെന്റ് കമ്മിറ്റി അംഗീകരിക്കുകയും അതിനനുസരിച്ചുള്ള നിർദ്ദേശങ്ങൾ കേന്ദ്ര ഭൗമ ശാസ്ത്ര പഠന കേന്ദ്രത്തിന് നൽകിയിട്ടുണ്ട്. കരട് തീരദേശ പരിപാലന പ്ലാൻ തയ്യാറാക്കിയതിനു ശേഷം തദ്ദേശ സ്ഥാപനങ്ങൾക്ക് കരട് നൽകി അഭിപ്രായങ്ങൾ സ്വീകരിച്ച ശേഷം പബ്ലിക് ഹിയറിംഗ് നടത്തും. പബ്ലിക് ഹിയറിംഗിൽ ലഭിക്കുന്ന അഭിപ്രായങ്ങൾ / നിർദ്ദേശങ്ങൾ ക്രോഡീകരിച്ച് ആയത് ചെന്നൈയിലുള്ള ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി മുമ്പാകെ സമർപ്പിക്കുകയും, 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിൽ ടി അഭിപ്രായങ്ങൾ/നിർദ്ദേശങ്ങളുടെ അടിസ്ഥാ നത്തിലുള്ള തിരുത്തലുകൾ കരട് തീരദേശ പരിപാലന പ്ലാനിൽ ടെക്നിക്കൽ സ്ക്രൂട്ടിനി കമ്മിറ്റി വരുത്തുകയും ചെയ്യും. തീരദേശ പ്ലാൻ തയ്യാറാക്കൽ സമയബന്ധിതമായി പൂർത്തിയാക്കി സാങ്കേതിക കാര്യങ്ങൾ പൂർത്തീകരിച്ച് പുതുക്കിയ പ്ലാൻ കഴിയുന്നത്ര വേഗം തയ്യാറാക്കുന്നതിനാണ് തീരുമാനിച്ചിട്ടുള്ളത്. വകുപ്പുതലത്തിൽ തന്നെ പരമാവധി അപാകതകൾ പരിഹരിച്ചാൽ പബ്ലിക് ഹിയറിംഗ് സമയത്ത് പരാതികൾ കുറഞ്ഞിരിക്കുമെന്നതിനാൽ അതിനുള്ള നിർദ്ദേശവും നൽകിയിട്ടുണ്ട്. |
| (സി) | അന്തിമ തീരമേഖല പരിപാലന പദ്ധതിക്ക് അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അന്യയോജ്യമായ സ്ഥലങ്ങളിൽ വീടുകൾ വെയ്ക്കാൻ | (സി) | 2019 CRZ വിജ്ഞാപനത്തിന്റെ അടിസ്ഥാനത്തിലുള്ള തീരദേശ പരിപാലന പ്ലാൻ കേന്ദ്ര വനം പരിസ്ഥിതി മന്ത്രാലയം അംഗീകരിച്ച് |

| | | | |
|---|---|---|---|
| | കാത്തിരിക്കുന്നവർക്ക് ആശ്വാസകരമാകുന്ന നടപടികൾ കൈകൊള്ളുമോ; വ്യക്തമാക്കാമോ? | | സംസ്ഥാനത്ത് നിലവിൽ വരുമ്പോൾ പ്രസ്തുത വിജ്ഞാപനത്തിലെ വ്യവസ്ഥകൾ പ്രകാരമുള്ള ഇളവുകൾ CRZ മേഖലയിലെ നിർമ്മാണ പ്രവർത്തനങ്ങൾക്ക് ലഭിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ